(സി) കെൽട്രോൺ ആരംഭിക്കുന്ന ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം സാമ്പത്തിക സാങ്കേതിക സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികളുടെ ഉല്പാദനം വിപുലീകരിക്കുന്നതിനായി 2019-ൽ 97 ലക്ഷം രൂപയുടെ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ശ്രവണസഹായികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഉപയോഗിക്കുന്ന നൂതന സാങ്കേതിക മെഷീനായ ഓഡിയോ അനലൈസർ (Audio Analyzer) കെൽട്രോൺ മൂടാടി യൂണിറ്റിൽ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതി അനുമതിക്കായി 2021-22-ലെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെൽട്രോണിന് തുക അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ശ്രവൺ മിനി ഹിയറിങ് എയ്ഡുകളുടെ നിർമ്മാണത്തിനു പുറമേ ബേബിവാർമെർ, ബേബി ബാസ്സിനെറ്റ് എന്നിവയുടെ നിർമ്മാണവും കെൽട്രോൺ മൂടാടി യൂണിറ്റിൽ ആരംഭിക്കുവാൻ പദ്ധതിയുണ്ട്. ഇതിനായി 108.31 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും ആയത് എത്രയും വേഗം നടപ്പിലാക്കുവാനുമാണ് ശ്രമിക്കുന്നത്. ടെൻഡർ നടപടികൾ കൂടാതെ കെൽട്രോണിന്റെ ഡിജിറ്റൽ ശ്രവണ സഹായികൾ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ 31-5-2021-ന് അവസാനിച്ചിരിക്കുന്ന കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

സഹകരണ മേഖലയിലെ കേന്ദ്ര ഇടപെടൽ

17 (*317) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ നിയന്ത്രിക്കാനുള്ള വ്യവസ്ഥകളായിരുന്നു 97-ാം ഭരണഘടന ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

97-ാം ഭരണഘടനാ ഭേദഗതിയിലൂടെ താഴെ പറയുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയത്. (i) ആർട്ടിക്കിൾ 19-ൽ സഹകരണ സംഘ രൂപീകരണം മൗലികാവകാശമായി പ്രഖ്യാപിച്ചു. (ii) ആർട്ടിക്കിൾ 43 B-ൽ സംസ്ഥാനങ്ങൾ സഹകരണ സംഘങ്ങളുടെ സ്വയം രൂപീകരണം, ജനാധിപത്യപരമായ ഇടപെടൽ, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി എടുക്കണം. (iii) 'IX-B-Co-operative Societies' എന്ന ഒരു അദ്ധ്യായം കൂട്ടിച്ചേർത്തു. IX-B യിലെ വ്യവസ്ഥകൾ മുഖ്യമായും താഴെ പറയുന്നവയാണ്.

- സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേകം സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്ന് 2 ആയും ഭരണസമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയമുള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണസമിതിയുടെ സൂപ്പർ സെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ്സ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധിക്കരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർ സീഡ് (പിരിച്ച് വിടാൻ) ചെയ്യാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം, സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും സംഘം മാനേജ്മെന്റ്/ പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുമ്പോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രത്തിൽ സഹകരണ മന്ത്രാലയം രൂപീകരിച്ച് സംസ്ഥാന സഹകരണ മേഖലയിൽ ഇടപെടാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തെ പ്രതിരോധിക്കാൻ 97-ാം ഭരണഘടന ഭേദഗതി റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധി പ്രയോജനപ്രദമാകുമോയെന്ന് പരിശോധിക്കുമോ;

97-ാം ഭരണഘടന ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ IX-B-The Co-operative Societies എന്ന ഭേദഗതി സുപ്രീംകോടതി ഭാഗികമായി റദ്ദാക്കിയെങ്കിലും, ടി ഭേദഗതിയിലെ വ്യവസ്ഥകൾ multi state co-operative societies-ന് ബാധകമാകുമെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. തന്മൂലം ടി വ്യവസ്ഥകൾക്ക് വിധേയമായി കൂടുതൽ Multi State Co-operative society സംസ്ഥാനത്ത് വരുന്നതിന് സാഹചര്യമുണ്ടാകും. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നതുമൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകാം. IX-B യിലെ വ്യവസ്ഥകൾ 2013-ലെ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സഹകരണം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തോടുള്ള സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

കൂടാതെ കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്നൊരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

18 (*318) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 2018-19-ലെ ഓഡിറ്റ് റിപ്പോർട്ടിൽ ബാങ്കിൽ വൻ ക്രമക്കേട് നടന്നുവെന്ന് കണ്ടെത്തിയിരുന്നോ; ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു?